തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**ഒന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂൺ - 2022**

# MUMCJ 5102

**എം. എ. മാധ്യമപഠനം**

# കമ്മ്യൂണിക്കേഷൻ അടിസ്ഥാനകാര്യങ്ങൾ

സമയം: 3 മണിക്കൂർ                                   മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. മൊബൈൽ ജേണലിസം
2. ഗേറ്റ് കീപ്പിംഗ്
3. എൻകോഡിങ്
4. ഗ്ലോബൽ വില്ലേജ്
5. പ്രൊപ്പഗാൻഡ

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. 'മീഡിയ ഇംപീരിയലിസം' എന്ന ആശയം വിശദീകരിക്കുക.
7. പൊളിറ്റിക്കൽ കമ്മ്യൂണിക്കേഷന്റെ പ്രാധാന്യം വിവരിക്കുക.
8. മാസ് കമ്മ്യൂണിക്കേഷൻ മോഡലുകളുടെ സവിശേഷതകളും ആനുകാലികതയും വിവരിക്കുക.
9. സിറ്റിസൺജേണലിസത്തിന്റെ പ്രാധാന്യവും ഇടപെടലുകളും സമകാലിക പശ്ചാത്തലത്തിൽ വിശകലനം ചെയ്യുക.
10. ഡെവലപ്മെന്റ് കമ്മ്യൂണിക്കേഷന്റെ പ്രാധാന്യം ഡെവലപ്മെന്റ് കമ്മ്യൂണിക്കേഷനിൽ മാധ്യമങ്ങളുടെ പങ്കും ഇടപെടലുകളും വിശകലനം ചെയ്യുക.



11. യുസസ് ആന്റ് ഗ്രാറ്റിഫിക്കേഷൻസ് അപ്രോച്ച് ഉദാഹരണ സഹിതം വിവരിക്കുക.
12. അജണ്ട സെറ്റിംഗ് സിദ്ധാന്തത്തിന്റെ പ്രാധാന്യവും പ്രായോഗികതയും വിശകലനം ചെയ്യുക.
13. കോൺസെപ്റ്റ് ഓഫ് സെലക്ട്റ്റിവിറ്റി ഉദാഹരണസഹിതം വിശദീകരിക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. സാംസ്കാരിക വിനിമയം എന്ന ആശയത്തിന്റെ പ്രാധാന്യം സമകാലിക പ്രസക്തി എന്നിവ വിശദീകരിക്കുക.
15. മീഡിയ ഇഫക്ട് വിവരിക്കുക. മീഡിയ ഇഫക്ടുമായി ബന്ധപ്പെട്ട സിദ്ധാന്തങ്ങൾ ഉദാഹരണസഹിതം വിശദീകരിക്കുക.
16. ആശയവിനിമയരംഗത്ത് സാമൂഹികമാധ്യമങ്ങളുടെ ഇടപെടലുകൾ നൂതനപ്രവണതകൾ എന്നിവ ചർച്ച ചെയ്യുക.

******

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**ഒന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂൺ - 2022**

# MU MCJ 5103

**എം. എ. മാധ്യമപഠനം**

# ന്യൂസ് റിപ്പോർട്ടിങ്

സമയം: 3 മണിക്കൂർ മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. മിസ് ഇൻഫോർമേഷൻ (Mis information)
2. എംബഡഡ് ജേണലിസം
3. മീറ്റ് ദ പ്രസ്
4. ലൈനർ
5. പ്രസ് റിലീസ്

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. കഠിന വാർത്തയും (Hard News) മൃദു വാർത്തയും (Soft News) തമ്മിലുള്ള വ്യത്യാസം ഉദാഹരണങ്ങളിലൂടെ വിശദീകരിക്കുക.
7. ഇൻവെർട്ടഡ് പിരമിഡ് വാർത്ത എഴുത്ത് ശൈലിയുടെ സാധ്യതകളും, പരിമിതികളും ചർച്ചചെയ്യുക.
8. വികസമോത്മുഖ മാധ്യമ പ്രവർത്തനത്തിന്റെ കാഴ്ചപ്പാടിൽ തയ്യാറാക്കാവുന്ന നാല് വാർത്ത ആശയങ്ങൾ വികസിപ്പിക്കുക.
9. അന്വേഷണാത്മക പത്രപ്രവർത്തനത്തിന്റെ പ്രാധാന്യം ഉദാഹരണങ്ങളിലൂടെ പരിശോധിക്കുക.
10. വിവിധതരത്തിലുള്ള വാർത്ത ലീഡുകൾ (Lead) ചർച്ച ചെയ്യുക.
11. വ്യാജവാർത്തകളെ ചെറുക്കുന്നതിൽ മാധ്യമപ്രവർത്തകർ സ്വീകരിക്കേണ്ട മുൻകരുതലുകളെപ്പറ്റി കുറിപ്പ് തയ്യാറാക്കുക.



12. 'കോടതി റിപ്പോർട്ടിങ് വെല്ലുവിളികൾ നിറഞ്ഞതാണ് അഭിപ്രായം രേഖപ്പെടുത്തുക?
13. 'പണം പറ്റി വാർത്ത നൽകൽ (Paid News) മാധ്യമപ്രവർത്തനത്തിന്റെ വിശ്വാസ്യതയെ ദോഷകരമായി ബാധിക്കും' ഉദാഹരണങ്ങളിലൂടെ സമർത്ഥിക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. എന്താണ് സിറ്റിസൺ ജേണലിസം? സിറ്റിസൺ ജേണലിസ്റ്റ് എന്ന നിലയിൽ റിപ്പോർട്ട് തയ്യാറാക്കുന്നതിനായി അഞ്ച് വാർത്ത ആശയങ്ങൾ കണ്ടെത്തുക.
15. കേരളത്തിലെ മുഖ്യധാരാ മലയാളപത്രങ്ങൾ കോവിഡ് മഹാമാരി റിപ്പോർട്ട് ചെയ്ത രീതി വിശകലനം ചെയ്യുക?
16. മാധ്യമപ്രവർത്തകരുടെ സാമൂഹിക ഉത്തരവാദിത്വം ആനുകാലിക സംഭവങ്ങളുടെ കാഴ്ചപ്പാടിൽ പരിശോധിക്കുക.

*****

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**ഒന്നാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂൺ - 2022**

# MU MCJ 5104

**എം. എ. മാധ്യമപഠനം**

# മാധ്യമ നിയമങ്ങളും ധാർമ്മികതയും

സമയം: 3 മണിക്കൂർ	മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ഭേദഗതി
2. ജെൻണ്ടർ വിവേചനം
3. ആവിഷ്കാരസ്വാതന്ത്ര്യം
4. സ്ളാൻഡർ
5. മൗലികകർത്തവ്യങ്ങൾ

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ഇന്ത്യൻ സാഹചര്യത്തിൽ മാധ്യമ സ്വാതന്ത്ര്യം എത്രത്തോളം സാധ്യമാണ്. അനുകൂലിച്ചും പ്രതികൂലിച്ചും പ്രതികരിക്കുക.
7. മനുഷ്യാവകാശത്തിൽ ഊന്നിയുള്ള വികസന സങ്കൽപ്പങ്ങളാണ് നിലവിൽ ആവശ്യമുള്ളത് വിലയിരുത്തുക.
8. ജനാധിപത്യത്തിൽ സമത്വം പരിപാലിക്കാൻ കോടതികൾ നടത്തുന്ന ഇടപെടലുകൾ ചർച്ച ചെയ്യുക.
9. സാമൂഹ്യ സന്തുലിതമായ പരാമർശങ്ങൾ ഉറപ്പാക്കാൻ സെൻസർഷിപ്പ് കൊണ്ട് സാധ്യമാകുന്നത് എങ്ങനെ സമർത്ഥിക്കുക.
10. ബൗദ്ധികസ്വത്തവകാശം ഒരു നിർമ്മാണത്തിന് നൽകുന്ന നിയമപരമായബലം പരിശോധിക്കുക.



11. മാധ്യമ ഉടമസ്ഥത മാതൃകകൾ ഏതൊക്കെ? അവയുടെ പ്രവർത്തനരീതി വിവരിക്കുക.
12. രജിസ്ട്രാർ ഓഫ് ന്യൂസ് പേപ്പർസ് ഇൻ ഇന്ത്യയുടെ മുഖ്യലക്ഷ്യം എന്തെന്ന് വിശദീകരിക്കുക.
13. ഔദ്യോഗിക രഹസ്യനിയമത്തിന്റെ സാധ്യതകളും വെല്ലുവിളികളും വിമർശനാത്മകമായി നിരീക്ഷിക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ഇന്ത്യൻ ഭരണഘടനയുടെ സവിശേഷതകൾ എന്തൊക്കെ?
15. മാധ്യമ പ്രവർത്തനത്തിനു വിവരാവകാശ നിയമം നൽകുന്ന സാധ്യതകളും വെല്ലുവിളികളും അടയാളപ്പെടുത്തുക.
16. സാമൂഹ്യമാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്ന അറിയിപ്പുകളും വിവരങ്ങളും പൊതുസമൂഹത്തെ സ്വാധീനിക്കുന്നത് ഏതെല്ലാം തരത്തിൽ എന്ന് ഉദാഹരണ സഹിതം ചർച്ച ചെയ്യുക.

******

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**രണ്ടാം സെമസ്റ്റർ അവസാനപരീക്ഷ**

**നവംബർ - 2022**

# MUMCJ 5206

**എം. എ. ജേണലിസം**

**& മാസ് കമ്മ്യൂണിക്കേഷൻ**

# ന്യൂസ് എഡിറ്റിങ്

സമയം: 3 മണിക്കൂർ മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. കാർട്ടൂണുകൾ
2. ശൈലീപുസ്തകം
3. ക്രോപ്പിങ്
4. മാസ്റ്റ് ഹെഡ്
5. ഇൻഡിസൈൻ

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. നവമാധ്യമങ്ങളുടെ സ്വാധീനം ഉൾക്കൊണ്ട് ഘടനയിലും ഉള്ളടക്കത്തിലും വിഷയങ്ങളുടെ വൈവിധ്യത്തിലും പത്രങ്ങൾ അവലംബിക്കുന്ന മാർഗങ്ങൾ വിശകലനം ചെയ്യുക.
7. വികസന പ്രാധാന്യമുള്ള വാർത്തകളെ പത്രങ്ങൾ പൊതുവായി അവഗണിക്കുന്നതായി അനുഭവപ്പെട്ട സാഹചര്യങ്ങൾ വിലയിരുത്തുക.
8. ഫീച്ചറുകൾ തയ്യാറാക്കുന്നതിന് പത്രങ്ങൾ തിരഞ്ഞെടുക്കുന്ന വിഷയങ്ങളെപറ്റി പൊതുവായി നിങ്ങളുടെ അഭിപ്രായങ്ങൾ വിവരിക്കുക.
9. പാർശ്വവൽക്കരിക്കപ്പെടുന്ന ജനവിഭാഗങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങൾ സമൂഹമധ്യത്തിൽ അവതരിപ്പിക്കുമ്പോൾ പത്രങ്ങൾ പുലർത്തേണ്ട ജാഗ്രതയെ വിലയിരുത്തുക.
10. ഒരു പത്രത്തിൽ പത്രാധിപർക്കുള്ള കത്തുകളുടെ പ്രസക്തി വ്യക്തമാക്കുക.



11. വിവിധതരം എഡിറ്റോറിയലുകളെപ്പറ്റി പ്രതിപാദിക്കുക. പത്രങ്ങൾ വിവിധ ഘട്ടങ്ങളിൽ എഡിറ്റോറിയൽ എഴുതുന്ന ശൈലികൾ വിശദീകരിക്കുക.
12. മാധ്യമങ്ങൾക്കായി വിവർത്തനം ചെയ്യുമ്പോൾ പൊതുവായി സ്വീകരിക്കേണ്ട നയങ്ങൾ വ്യക്തമാക്കുക.
13. 'മിഡിൽപീസ്' ഗൗരവകരമായ വിഷയങ്ങൾ ലളിതമായി പ്രതിപാദിക്കുന്നു എന്ന അഭിപ്രായത്തിനെ നിങ്ങൾ എങ്ങനെ വിലയിരുത്തുന്നു.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. പത്രങ്ങളുടെ ഉള്ളടക്കത്തിൽ ഭാഷയ്ക്കുള്ള പ്രാധാന്യം വെളിപ്പെടുത്തുന്ന ലേഖനങ്ങളോ, ഫീച്ചറുകളോ അവതരിപ്പിക്കുന്നതായി കാണുന്നുണ്ടോ? വിവരിക്കുക.
15. നിങ്ങൾ വായിക്കുന്ന രണ്ടു പത്രങ്ങളുടെ ലേ ഔട്ട് താരതമ്യം ചെയ്ത് സവിശേഷതകൾ കണ്ടെത്തി വിശദീകരിക്കുക.
16. 'ഒരു പത്രത്തിന്റെ വളർച്ചയിൽ ന്യൂസ് റൂം മാനേജ്മെന്റിന് പ്രസക്തമായ പങ്കുണ്ട്' -വ്യക്തമാക്കുക.

*****

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**രണ്ടാം സെമസ്റ്റർ അവസാനപരീക്ഷ**

**നവംബർ - 2022**

# MUMCJ 5207

**എം. എ. ജേണലിസം**

**& മാസ് കമ്മ്യൂണിക്കേഷൻ**

## മലയാള പത്രപ്രവർത്തനം

സമയം: 3 മണിക്കൂർ

മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. പ്രസാർ ഭാരതി
2. ബംഗാൾ ഗസറ്റ്
3. ഹെർമൻ ഗുണ്ടർട്ട്
4. റേഡിയോ മാറ്റൊലി
5. നാഷണൽ ഹെറാൾഡ്

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ഇന്ത്യൻ പത്രപ്രവർത്തനത്തിന് മഹാത്മാഗാന്ധി നൽകിയ സംഭാവനകൾ എന്തെല്ലാം? ഗാന്ധിയുടെ പ്രസിദ്ധീകരണങ്ങൾ പരമാർശിച്ച് വിശദമാക്കുക.
7. മലയാളപത്രങ്ങളുടെ രൂപരേഖയും അവതരണവും സമീപകാലത്ത് വളരെയധികം മാറിയിട്ടുണ്ട് -വ്യക്തമാക്കുക.
8. മലയാള പത്രപ്രവർത്തനരംഗത്ത് കേസരി ബാലകൃഷ്ണപിള്ള നൽകിയ സംഭാവനകൾ വിശദീകരിക്കുക.
9. വായനക്കാരുടെ ഇടയിൽ പരിസ്ഥിതി അവബോധം സൃഷ്ടിക്കുന്നതിൽ മലയാളം മാധ്യമങ്ങൾ എത്രത്തോളം ശ്രമിക്കുന്നു? വിമർശനാത്മകമായി വിലയിരുത്തുക.
10. മാതൃഭൂമിയുടെ സഹോദര പ്രസിദ്ധീകരണങ്ങൾ ഏതെല്ലാം? വിവരിക്കുക.



11. ഇന്ത്യയുടെ സാമൂഹിക - സാമ്പത്തിക വികസനത്തിൽ ദൂരദർശന്റെയും ആകാശവാണിയുടെയും പങ്ക് വ്യക്തമാക്കുക.
12. 'പത്രപ്രവർത്തന സ്വാതന്ത്ര്യത്തിനും പൗരാവകാശങ്ങൾക്കും സാമൂഹ്യനീതിക്കുംവേണ്ടി തൂലിക പടവാളാക്കിയ വ്യക്തിയായിരുന്നു സ്വദേശാഭിമാനി രാമകൃഷ്ണപിള്ള' -വിശദമാക്കുക.
13. ഇന്ത്യയിലെ ആദ്യകാല പത്രങ്ങളുടെ പ്രധാന സ്വഭാവസവിശേഷതകൾ എന്തെല്ലാം? വിവരിക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. മലയാളപത്രപ്രവർത്തന വികാസത്തിന് ക്രിസ്ത്യൻ മിഷണറിമാരുടെ സംഭാവനകൾ വിശദീകരിക്കുക.
15. രാജ്യത്തിന്റെ സാമൂഹിക-സാമ്പത്തിക വികസന പ്രക്രിയയിൽ ഇന്ത്യയിലെ പ്രാദേശികഭാഷാ മാധ്യമങ്ങളുടെ പങ്ക് വിശദമാക്കുക.
16. ഇന്ത്യയിലെ പത്രപ്രവർത്തന മേഖലക്ക് സെറാംപൂർ മിഷനറിമാരുടെ സംഭാവനകൾ എന്തെല്ലാം? വിശദീകരിക്കുക.

*****

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**രണ്ടാം സെമസ്റ്റർ അവസാനപരീക്ഷ**

**നവംബർ - 2022**

# MUMCJ 5208

**എം. എ. ജേണലിസം**

**& മാസ് കമ്മ്യൂണിക്കേഷൻ**

# ഫീച്ചർ എഴുത്തും മാഗസിൻ ജേണലിസവും

സമയം: **3** മണിക്കൂർ | മാർക്ക് **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. ഫീച്ചറുകൾ കല്പിത കഥകളിൽ നിന്നും വ്യത്യസ്ത മാകുന്നത് എങ്ങനെയെന്നു വിലയിരുത്തുക.
2. മാഗസിൻ ഡിസൈൻ തത്വങ്ങൾ വിവരിക്കുക.
3. മാഗസീനുകളെ എത്രയായി തരംതിരിക്കാം? അവ ഏതെല്ലാമെന്ന് ഉദാഹരണസഹിതം വിശദീകരിക്കുക.
4. 'കോപ്പി ഫിറ്റിങ്ങ്' എന്ന സങ്കല്പം വിശകലനം ചെയ്യുക.
5. കവർസ്റ്റോറിയുടെ പ്രാധാന്യം വിവരിക്കുക.

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. മാഗസീൻ ലേ ഔട്ടിൽ പാലിക്കപ്പെടുന്ന പൊതുതത്വങ്ങൾ വിശദമാക്കുക.
7. മലയാളത്തിലെ സമകാലീക പ്രസിദ്ധീകരണങ്ങളിൽ ഉൾപ്പെടുത്തിവരുന്ന സ്ഥിരം പംക്തികളെക്കുറിച്ച് (കോളങ്ങൾ) വിശകലനം നടത്തുക.
8. പിക്ചർ എഡിറ്റിംഗിനുപയോഗിക്കുന്ന സങ്കേതങ്ങളെക്കുറിച്ചും പാലിക്കപ്പെടുന്ന പൊതുതത്വങ്ങളെക്കുറിച്ചും വിവരിക്കുക.
9. വായനക്ഷമത ഉറപ്പാക്കുന്നതിനുവേണ്ടി മാഗസീനുകൾ ശ്രദ്ധിക്കേണ്ട ഘടകങ്ങളെക്കുറിച്ച് ഒരു ചെറിയ വിവരണം തയ്യാറാക്കുക.



10. കേരളത്തിൽ പ്രസിദ്ധീകരിക്കുന്ന പ്രധാനപ്പെട്ട പ്രത്യേക വായനക്കാർക്കുള്ള മാസികകളെക്കുറിച്ച് വിശകലനം നടത്തുക.
11. ദേശീയതലത്തിൽ ശ്രദ്ധിക്കപ്പെടുന്ന പൊതുതാത്പര്യമുള്ള മാസികകളുടെ ഉള്ളടക്കത്തിലെ വൈവിധ്യത്തെക്കുറിച്ച് അപഗ്രഥിക്കുക.
12. മലയാളത്തിൽ പ്രസിദ്ധീകരിക്കുന്ന ആരോഗ്യമാസികകൾ ഏതെല്ലാം? അവയുടെ ഉള്ളടക്കത്തിന്റെ സവിശേഷതകൾ എന്താണെന്നും വിശകലനം ചെയ്യുക.
13. സാഹിത്യമാസികയിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി ഒരു പ്രമുഖ സാഹിത്യകാരന്റെ പേഴ്സണാലിറ്റി ഫീച്ചർ (പ്രൊഫൈൽ) തയ്യാറാക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. വിവിധതരം ഫീച്ചറുകളെക്കുറിച്ച് വിവരിക്കുക? ഫീച്ചറിന്റെ ഘടനയെക്കുറിച്ച് ലഘുവിവരണം തയ്യാറാക്കുക.
15. ദൃശ്യസാക്ഷരതയിലെ കാലീകമായ മാറ്റങ്ങളെക്കുറിച്ചും പുതിയ പ്രവണതകളെക്കുറിച്ചും വിശകലനം ചെയ്യുക.
16. സാഹിത്യമാസികയിൽ പ്രസിദ്ധീകരിക്കുന്നതിന് ഉതകുംവിധത്തിൽ നിങ്ങൾക്ക് ഇഷ്ടപ്പെട്ട ഒരു പുസ്തകത്തിന്റെ നിരൂപണം തയ്യാറാക്കുക.

*****

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**രണ്ടാം സെമസ്റ്റർ അവസാനപരീക്ഷ**

**നവംബർ - 2022**

# MUMCJ 5209

**എം. എ. ജേണലിസം**
**& മാസ് കമ്മ്യൂണിക്കേഷൻ**

# റേഡിയോ

സമയം: 3 മണിക്കൂർ | മാർക്ക് 70

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. പ്രസാർ ഭാരതി
2. എസ്. എഫ്. എക്സ് (SFX)
3. റേഡിയോ സിലോൺ
4. ഗൂഗ്ലിമോ മാർക്കോണി
5. വയലും വീടും

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ഒരു ഓഡിയോ പ്രൊഡക്ഷൻ സ്റ്റുഡിയോയിൽ കാണുന്ന ബ്രോഡ്കാസ്റ്റ് ഉപകരണങ്ങൾ ഏതെല്ലാം? വിവരിക്കുക.
7. ആധുനിക കാലത്ത് റേഡിയോ കൈവരിച്ച ജനപ്രീതിയെക്കുറിച്ചും, റേഡിയോയുടെ പുനരുജ്ജീവനത്തെക്കുറിച്ചും കുറിപ്പു തയ്യാറാക്കുക.
8. ബഹുജന മാധ്യമമെന്ന നിലയിൽ റേഡിയോയുടെ സാധ്യതകളും പരിമിതികളും എന്തെല്ലാമാണെന്ന് ചർച്ച ചെയ്യുക.
9. റേഡിയോ അഭിമുഖത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം? ഓഡിയോ വിഷ്വൽ അഭിമുഖങ്ങളിൽ നിന്നും ഇത് എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?
10. റേഡിയോ പ്രക്ഷേപണത്തിന്റെ മുഖച്ഛായ തന്നെ മാറ്റുന്നതായിരുന്നു എഫ്. എം. ട്രാൻസ് മിഷൻ നിങ്ങൾ ഈ വീക്ഷണത്തെ പിന്തുണക്കുന്നുണ്ടോ? കാരണങ്ങൾ സഹിതം വിശദമാക്കുക.



11. റേഡിയോ ജോക്കിയുടെ ചുമതലകൾ എന്തെല്ലാം?
12. പ്രൊഫഷണൽ ഓഡിയോ റെക്കോർഡിംഗിനായി ഉപയോഗിക്കുന്ന വിവിധ തരം മൈക്രോഫോണുകൾ ഏതൊക്കെയാണ്?
13. നിങ്ങൾ സ്ഥിരമായി കേൾക്കുന്ന ഏതെങ്കിലും രണ്ട് റേഡിയോ പ്രോഗ്രാമുകൾ വിമർശനാത്മകമായി വിലയിരുത്തുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. 'യുവത്വവും ലഹരി ഉപയോഗവും' എന്ന വിഷയത്തിൽ ഒരു റേഡിയോ ഫീച്ചർ തയ്യാറാക്കുക.
15. ഇന്ത്യൻ റേഡിയോ പ്രക്ഷേപണത്തിന്റെ വളർച്ചയെക്കുറിച്ച് വിശദമായ ഒരു കുറിപ്പ് തയ്യാറാക്കുക.
16. വ്യത്യസ്തമായ പരിപാടികളിലൂടെ എല്ലാ വിഭാഗം ജനങ്ങളിലേക്കും എത്തിച്ചേരാൻ ആകാശവാണി ശ്രമിക്കുന്നു. ഈ വീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? ഉദാഹരണ സഹിതം വിശദമാക്കുക.

******

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**മൂന്നാം സെമസ്റ്റർ അവസാന പരീക്ഷ**

**മാർച്ച് - 2023**

# MU MCJ-C 5311

**എം. എ. ജേണലിസം**

**& മാസ്കമ്മ്യൂണിക്കേഷൻ**

# ചലച്ചിത്രപഠനം

സമയം: **3** മണിക്കൂർ

മാർക്ക് : **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. 45 ഫ്രെയിംസ്പെർ സെക്കൻഡ്
2. സീക്വൻസ്
3. ഹൈലെവൽ
4. സിനിമാവിമർശനം
5. ഓഫ്സ്ക്രീൻ

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. നവസാങ്കേതികവിദ്യയുടെ വളർച്ചയിൽ ഹ്രസ്വചിത്ര നിർമ്മാണ പുരോഗതി വിലയിരുത്തുക.
7. ആഖ്യാനചിത്രങ്ങളും ആഖ്യാനേതര നിർമ്മാണങ്ങളും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ എന്തൊക്കെ?
8. നിഴലും വെളിച്ചവും ഇഴചേർന്ന് ഉണ്ടാകുന്ന കൃതിയാണ് വീഡിയോ നിർമ്മാണം. വിലയിരുത്തുക.
9. സാങ്കല്പിക രേഖ പാലിക്കുന്നതിൽ അടിസ്ഥാനമാക്കേണ്ടുന്ന കാര്യങ്ങൾ ഏതൊക്കെ എന്ന് വിശദമാക്കുക.
10. ക്യാമറ ഷോട്ടുകളും ആങ്കിളുകളും ഉപയോഗിക്കുന്ന സാഹചര്യം വിശദീകരിക്കുക.
11. ചലച്ചിത്രത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിൽ എഡിറ്റിംഗ് വഹിക്കുന്ന സ്ഥാനം പരിശോധിക്കുക.



12. ദീപവിതാനത്തിൽ ത്രിതല രീതി അവലംബിക്കുന്നത് ഏതൊക്കെ തരത്തിൽ ഗുണപരമാണ്?
13. ചലച്ചിത്ര നിർമ്മാണത്തിൽ തിരക്കഥ എത്രത്തോളം പ്രധാനപ്പെട്ടതാണെന്ന് ചർച്ച ചെയ്യുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. മലയാളിയുടെ ചലച്ചിത്ര ആസ്വാദനത്തെ പുനഃക്രമീകരിക്കുന്നതിൽ അന്താരാഷ്ട്ര ചലച്ചിത്രോത്സവങ്ങൾ നടത്തിയിട്ടുള്ള ഇടപെടലുകൾ പരിശോധിക്കുക?
15. ഏതെങ്കിലും ഒരു മലയാള സിനിമയെ മുൻനിർത്തി ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.
16. മലയാളസിനിമയിലെ ന്യൂജനറേഷൻ ചിന്തകൾ സിനിമരൂപത്തിൽ വരുത്തിയിട്ടുള്ള ഭാവപരമായ മാറ്റത്തെ ചർച്ച ചെയ്യുക.

******

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**മൂന്നാം സെമസ്റ്റർ അവസാന പരീക്ഷ**

**മാർച്ച് - 2023**

# MU MCJ-C 5312

**എം. എ. ജേണലിസം**

**& മാസ്കമ്മ്യൂണിക്കേഷൻ**

# ടെലിവിഷൻ പഠനം

സമയം: 3 മണിക്കൂർ | മാർക്ക് : **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. കൈറ്റ് വിക്ടേഴ്സ്
2. സിറ്റ്.കോം
3. പ്രണോയ് റോയ്
4. സൈറ്റ് (SITE)
5. പി.സി.ആർ

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ഇന്ത്യൻ വിദ്യാഭ്യാസരംഗത്തെ ടെലിവിഷന്റെ സ്വാധീനത്തെക്കുറിച്ച് വിശദീകരിക്കുക.
7. ടെലിവിഷൻ റിയാലിറ്റിഷോകളുടെ സാമൂഹിക - സാംസ്കാരിക ഇടപെടലുകളെക്കുറിച്ച് ചർച്ച ചെയ്യുക.
8. ന്യൂസ് റീഡറിൽനിന്നും ന്യൂസ് പ്രസന്ററിലേക്കുള്ള മാറ്റം മലയാളം വാർത്താചാനലുകളുടെ ചരിത്രത്തെക്കൂടിയാണ് അടയാളപ്പെടുത്തുന്നത്. പ്രസ്താവന വിശകലനം ചെയ്യുക.
9. കാലാനുസൃതമായ മാറ്റങ്ങൾ ദൂരദർശൻ പരിപാടികളിൽ അനിവാര്യമാണ്. പ്രസ്താവന ഉദാഹരണ സഹിതം വിലയിരുത്തുക.
10. ത്രീ പോയിന്റ് ലൈറ്റിംഗ് ചിത്രസഹിതം വിവരിക്കുക.



11. ടെലിവിഷൻ പരിപാടികളുടെ നിർമാണഘട്ടത്തെക്കുറിച്ച് വിശദമാക്കുക.
12. നവമാധ്യമങ്ങളുടെ സ്വാധീനം ടെലിവിഷന്റെ ജനപ്രിയതയെ ഇല്ലാതാക്കിയിട്ടുണ്ട്. പ്രസ്താവനയെ വിമർശനാത്മകമായി വിലയിരുത്തുക.
13. വ്യത്യസ്തതരം ക്യാമറകളെയും അവയുടെ ഉപയോഗത്തെയും കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ജനപ്രിയമാധ്യമമെന്ന നിലയിൽ ടെലിവിഷൻ സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ച് വിവരിക്കുക.
15. നിങ്ങൾക്കിഷ്ടപ്പെട്ട ടെലിവിഷൻ പരിപാടിയുടെ സ്ക്രിപ്റ്റ് തയ്യാറാക്കുക.
16. കേരള സമൂഹനിർമിതിയിൽ പ്രൈം ടൈം വാർത്തകളുടെയും ചർച്ചകളുടെയും പങ്ക് വിശദമാക്കുക.

******

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**മൂന്നാം  സെമസ്റ്റർ അവസാന പരീക്ഷ**

**മാർച്ച് - 2023**

# MU MCJ-C 5313

**എം. എ. ജേണലിസം**

**& മാസ്കമ്മ്യൂണിക്കേഷൻ**

# കമ്മ്യൂണിക്കേഷൻ റിസർച്ച്

സമയം: 3 മണിക്കൂർ | മാർക്ക് : **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. സ്കോപസ് ഇൻഡക്സ്
2. റിസർച്ച് ഡിസൈൻ
3. പാഴ്സിമണി തത്വം
4. സഹബന്ധം (Correlation)
5. വെബ്സൈറ്റ് യൂസബിലിറ്റി റിസർച്ച്

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ഗവേഷണത്തിൽ ഇന്റർനെറ്റിന്റെ സാധ്യതകളെക്കുറിച്ച് വിശദീകരിക്കുക.
7. കേസ്സ്റ്റഡി റിസർച്ചിനെ സംബന്ധിച്ച് കുറിപ്പ് തയ്യാറാക്കുക.
8. എന്താണ് ചോദ്യാവലി? വിവിധതരം ചോദ്യാവലി, സ്കെയിലിങ്ങ് എന്നിവ വിശദമാക്കുക.
9. ഗവേഷണത്തിലെ വിശ്വാസ്യത, മൂല്യം എന്നിവ വിലയിരുത്തുക.
10. ഇന്ത്യയിലെ കമ്മ്യൂണിക്കേഷൻ റിസർച്ചിന്റെ സാധ്യതകളും പരിമിതികളും പരിശോധിക്കുക.
11. ഗവേഷണരചനയിലെ പാഠങ്ങളെക്കുറിച്ച് വിശദീകരിക്കുക.



12. എന്താണ് മീഡിയ എത്നോഗ്രാഫി?
13. സംഖ്യാശാസ്ത്ര (Statistics) ഉപാധികൾക്ക് ഗണാത്മക ഗവേഷണത്തിലുള്ള പ്രാധാന്യം പരിശോധിക്കുക. നിങ്ങളുടെ ഗവേഷണത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്ന ഏതെങ്കിലും രണ്ട് സംഖ്യാശാസ്ത്ര വിശകലനരീതികൾ പരിചയപ്പെടുത്തുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. റഫറൻസിങ്ങ്, ബിബ്ലിയോഗ്രാഫി എന്നിവ വിശദീകരിച്ച് ഗവേഷണത്തിൽ ഇവയുടെ പ്രാധാന്യത്തെ വിലയിരുത്തുക. എ.പി.എ ശൈലി, എം.എൽ.എ ശൈലി എന്നിവ ഉദാഹരണസഹിതം വിശദീകരിക്കുക.
15. എന്താണ് ഗവേഷണം? വിവിധതരം ഗവേഷണങ്ങൾ ഏതെല്ലാമെന്ന് ഉദാഹരണസഹിതം വിശദീകരിക്കുക.
16. ഗുണാത്മക-ഗണാത്മക-സമ്മിശ്ര ഗവേഷണങ്ങളെക്കുറിച്ച് വിശകലനം ചെയ്യുക.

******

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**മൂന്നാം സെമസ്റ്റർ അവസാന പരീക്ഷ**

**മാർച്ച് - 2023**

# MU MCJ-E 5314

**എം. എ. ജേണലിസം**

**& മാസ്കമ്മ്യൂണിക്കേഷൻ**

# സൈബർ മാധ്യമങ്ങളും ടെക്നിക്കൽ റൈറ്റിംങ്ങും

സമയം: 3 മണിക്കൂർ

മാർക്ക് : **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. യൂസർ ഗൈഡ്
2. ക്രോസ് റഫറൻസ്
3. ഹൈപർ ടെക്സ്റ്റ്
4. ഡി. ഡി. എൽ. സി (DDLC)
5. സ്റ്റൈൽ ഗൈഡ്

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ഓൺലൈൻ റിപ്പോർട്ടിങ്ങിന്റെ സാധ്യതകൾ വിശകലനം ചെയ്യുക.
7. ടെക്നിക്കൽ റൈറ്റിങ്ങിന്റെ അടിസ്ഥാന തത്വങ്ങൾ, ശൈലി, ഭാഷ എന്നിവ വിശദീകരിക്കുക.
8. ഓൺലൈൻ പരസ്യങ്ങളുടെ സ്വഭാവ സവിശേഷതകൾ, നൂതന പ്രവണതകൾ എന്നിവ ചർച്ച ചെയ്യുക.
9. ടെക്നിക്കൽ എഡിറ്റിങ്ങിലെ വിവിധ ഘട്ടങ്ങൾ പ്രതിപാദിക്കുക.
10. വെബ് പേജ് ഡിസൈനിങ്ങിന്റെ അടിസ്ഥാന തത്വങ്ങൾ വിവരിക്കുക.
11. യൂസർ മാന്വലിലെ ഉള്ളടക്കം വിശദീകരിക്കുന്നതിനോടൊപ്പം യൂസർ മാന്വൽ തയ്യാറാക്കുന്നതിന്റെ വിവിധ ഘട്ടങ്ങൾ വിശദമാക്കുക.
12. ഓഡിയൻസ് അനാലിസിസിന്റെ പ്രാധാന്യം വിവരിക്കുക.



13. ടെക്നിക്കൽ റൈറ്റിങ്ങിൽ ഗ്രാഫിക്സ് ഉപയോഗത്തിന്റെ പ്രാധാന്യം വിവരിക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ഇന്റർനെറ്റ് സുരക്ഷാ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനോടൊപ്പം സൈബർ സുരക്ഷാ നിയമങ്ങളുടെ സമകാലിക പ്രസക്തി വിശകലനം ചെയ്യുക.
15. വെബ് ജേണലിസത്തിന്റെ പ്രസക്തി, നൂതന പ്രവണതകൾ, സാധ്യതകൾ എന്നിവ വിശദീകരിക്കുക.
16. ടെക്നിക്കൽ റൈറ്റിങ്ങിൽ 'കണ്ടന്റ് മാനേജ്മെന്റ്' അതീവ പ്രാധാന്യം അർഹിക്കുന്നു. വിശദീകരിക്കുക.

******

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**മൂന്നാം സെമസ്റ്റർ അവസാന പരീക്ഷ**

**മാർച്ച് - 2023**

# MU MCJ OE 5315

**എം. എ. ജേണലിസം**

**& മാസ്കമ്മ്യൂണിക്കേഷൻ**

# ഗ്രാമീണ ആശയവിനിമയം

സമയം: **3** മണിക്കൂർ

മാർക്ക് : **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. കുടുംബശ്രീ
2. പീപ്പിൾസ് ആർക്കൈവ് ഓഫ് റൂറൽ ഇന്ത്യ
3. ഫോക്മീഡിയ
4. അക്ഷയ
5. വയലും വീടും

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. ഗ്രാമീണ ആശയവിനിമയത്തിൽ മാധ്യമങ്ങളുടെ പങ്കും സംഭാവനകളും വിശകലനം ചെയ്യുക.
7. ഗ്രാമീണ വികസനത്തിൽ സ്വയം സഹായ സംഘങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവരുടെ ഇടപെടലുകൾ ഉദാഹരണസഹിതം വ്യക്തമാക്കുക.
8. ഗ്രാമീണ വികസനത്തിൽ ഐ.സി.ടി (ICT)യുടെ സാധ്യതകൾ വിശകലനം ചെയ്യുക.
9. വികസന പ്രക്രിയയിൽ സ്ത്രീകളുടെ പങ്കും സ്ത്രീശാക്തീകരണത്തിന്റെ പ്രാധാന്യവും വിശദീകരിക്കുക.
10. സുസ്ഥിര വികസനത്തിന്റെ പ്രാധാന്യം, സ്വഭാവസവിശേഷതകൾ എന്നിവ വിവരിക്കുക.
11. 'ഡിജിറ്റൽ ജനാധിപത്യം' വിശദീകരിക്കുക.
12. പങ്കാളിത്ത ആശയവിനിമയ മാതൃകയുടെ പ്രസക്തി, സാധ്യതകൾ എന്നിവ വിശദീകരിക്കുക.



13. ഇന്ത്യയിലെ ഗ്രാമീണ വികസന ചരിത്രം, പ്രാധാന്യം, ഘടന, സമീപനങ്ങൾ എന്നിവ വിശദീകരിക്കുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ഹെൽത്ത് കമ്യൂണിക്കേഷന്റെ പ്രാധാന്യം, സാധ്യതകൾ എന്നിവ സമകാലിക പശ്ചാത്തലത്തിൽ ചർച്ച ചെയ്യുക.
15. മാധ്യമങ്ങളിലെ പാരിസ്ഥിതിക ബോധവത്കരണ പരിപാടികളെയും ഉള്ളടക്കങ്ങളെയും വിമർശനാത്മകമായി പരിശോധിക്കുക.
16. ഗ്രാമീണ ആശയവിനിമയത്തിന്റെ പ്രാധാന്യം, സാധ്യതകൾ, നേരിടുന്ന വെല്ലുവിളികൾ എന്നിവ സമകാലിക പശ്ചാത്തലത്തിൽ വിശകലനം ചെയ്യുക.

******

തുഞ്ചത്തെഴുത്തച്ഛൻ

**മലയാളസർവകലാശാല**

**നാലാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂലായ് - 2023**

# MUMCJ C 5417

## എം. എ. ജേണലിസം &
## മാസ് കമ്യൂണിക്കേഷൻ

## ഇന്റർനാഷണൽ & ഡവലപ്പ്മെന്റ്
## കമ്യൂണിക്കേഷൻ

സമയം: **3** മണിക്കൂർ                                                    മാർക്ക് **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. അഭിപ്രായ നേതാക്കൾ (Opinion leaders).
2. മിച്ചമൂല്യം
3. ഡിജിറ്റൽ വിഭജനം
4. പങ്കാളിത്ത വികസനം
5. സർവോദയ

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. മാക്ബ്രിഡ് കമ്മീഷൻ റിപ്പോർട്ടിന്റെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാം?
7. വികസ്വര രാജ്യങ്ങളിലെ മാധ്യമ സംവിധാനങ്ങളിൽ NWICO യുടെ സ്വാധീനം വിലയിരുത്തുക.
8. രാജ്യങ്ങൾ തമ്മിലുള്ള നയതന്ത്ര ബന്ധം രൂപപ്പെടുത്തുന്നതിലും അന്താരാഷ്ട്ര സഹകരണം വളർത്തുന്നതിലും ആഗോള വിഷയങ്ങളിൽ പൊതുജനാഭിപ്രായത്തെ സ്വാധീനിക്കുന്നതിലും അന്താരാഷ്ട്ര മാധ്യമങ്ങൾക്കുള്ള പങ്ക് ചർച്ച ചെയ്യുക.
9. അന്താരാഷ്ട്ര മാധ്യമങ്ങളും ആഗോളവത്കരണ പ്രക്രിയകളും തമ്മിലുള്ള ബന്ധം പരിശോധിക്കുക.
10. ആദം സ്മിത്തിന്റെ 'വികസന മാതൃകയുടെ പരിമിതികളും വിമർശനങ്ങളും' വിശകലനം ചെയ്യുക.
11. സുസ്ഥിര വികസനം കൈവരിക്കുന്നതിനുള്ള പ്രധാന വെല്ലുവിളികൾ എന്തൊക്കെയാണ്?
12. ഇക്കോ ഫെമിനിസ്റ്റ് പ്രസ്ഥാനം നേരിടുന്ന പ്രധാന വിമർശനങ്ങളും വെല്ലുവിളികളും എന്തൊക്കെയാണ്?
13. താരതമ്യ നേട്ട (Comparative advantage)ത്തെ അടിസ്ഥാനമാക്കിയുള്ള വ്യാപാരം, വരുമാന വിതരണത്തെയും സമൂഹത്തിലെ വിവിധ വിഭാഗങ്ങളുടെ ക്ഷേമത്തെയും എങ്ങനെ ബാധിക്കുമെന്ന് ചർച്ച ചെയ്യുക.

**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ഡിജിറ്റൽ സാങ്കേതിക വിദ്യകളുടെയും ഇന്റർനെറ്റിന്റെയും വളർച്ച, NWICO ഉന്നയിക്കുന്ന പ്രശ്നങ്ങളെ എങ്ങനെ ബാധിച്ചു?
15. പഞ്ചായത്തീരാജും സുസ്ഥിര ഗ്രാമവികസനവും തമ്മിലുള്ള ബന്ധം വിശകലനം ചെയ്യുക.
16. ഇക്കോ ഫെമിനിസ്റ്റ് പ്രസ്ഥാനം നേരിടുന്ന പ്രധാന വിമർശനങ്ങളും വെല്ലുവിളികളും എന്തൊക്കെയാണ്?

*****

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

**നാലാം സെമസ്റ്റർ അവസാനപരീക്ഷ**

**ജൂലായ് - 2023**

# MUMCJ C 5418

**എം. എ. ജേണലിസം &**
**മാസ് കമ്യൂണിക്കേഷൻ**

## പരസ്യം, പബ്ലിക്റിലേഷൻസ്, കോർപ്പറേറ്റ് കമ്യൂണിക്കേഷൻ

സമയം: 3 മണിക്കൂർ | മാർക്ക് **70**

**I** *ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക* (5x2=10)

1. പി.എസ്.എ (PSA)
2. കോർപ്പറേറ്റ് സംസ്കാരം
3. ഓൺലൈൻ പി. ആർ
4. പത്രക്കുറിപ്പ്
5. ബ്രാൻഡ് സ്ട്രാറ്റജി

**II** *ഏതെങ്കിലും ആറ് ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (6x6=36)

6. വിവിധതരം പരസ്യങ്ങളെക്കുറിച്ച് എഴുതുക.
7. പരസ്യകോപ്പികളുടെ സ്വഭാവ സവിശേഷതകൾ വ്യക്തമാക്കുക.
8. പബ്ലിക് റിലേഷൻസിന്റെ ആവിർഭാവത്തെക്കുറിച്ച് കുറിപ്പെഴുതുക.
9. പി. ആർ പ്രസിദ്ധീകരണങ്ങൾ എന്നാലെന്ത്? ഉദാഹരണസഹിതം വ്യക്തമാക്കുക.
10. കസ്റ്റമർ റിലേഷൻസ് പി.ആർ ആയി മാറുന്നതെങ്ങനെ? നിരീക്ഷണങ്ങൾ പങ്കുവെക്കുക.
11. പത്രസമ്മേളനങ്ങളുടെ പ്രസക്തി ചർച്ചചെയ്യുക.
12. കോർപ്പറേറ്റ് സാമൂഹിക പ്രതിബദ്ധത എന്നാലെന്ത്? കുറിപ്പെഴുതുക.
13. ഒരു സാങ്കൽപിക കുടകമ്പനിക്ക് വേണ്ടിയുള്ള പരസ്യപകർപ്പ് തയ്യാറാക്കുക.



**III** *ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് അഞ്ചു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.* (2x12=24)

14. ഓൺലൈൻ സമൂഹത്തെ സ്വാധീനിക്കുന്നതിൽ പരസ്യങ്ങളുടെ പങ്ക് എത്രത്തോളമുണ്ട്? ചർച്ച ചെയ്യുക.
15. വിവിധ മേഖലകളിലെ പബ്ലിക് റിലേഷൻസ്എങ്ങനെ വ്യത്യാസപ്പെടുന്നുവെന്ന് താരതമ്യം ചെയ്യുക. ഒപ്പം പുതുകാല പി. ആർ സാധ്യതകൾ അവതരിപ്പിക്കുക.
16. കോർപ്പറേറ്റ് കമ്യൂണിക്കേഷന്റെ രീതി, അർത്ഥം, ചുമതലകൾ എന്നിവ വിശദമായി എഴുതുക.

*****